112/2024-M

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. താഴെ തന്നിട്ടുള്ളവയിൽ തെറ്റായ ജോഡി കണ്ടെത്തുക :

(A) ഡോ. ഹെർമ്മൻ ഗുണ്ടർട്ട് - മലയാളരാജ്യം

(B) ഫാദർ ക്ലമന്റ് - സംക്ഷേപവേദാർത്ഥം

(C) അർണ്ണോസ് പാതിരി - ക്രിസ്തുസഭാചരിത്രം

(D) പാറേമ്മാക്കൽ തോമകത്തനാർ - വർത്തമാനപ്പുസ്തകം

2. താഴെ തന്നിട്ടുള്ളവയെ കാലഗണനയനുസരിച്ച് ക്രമപ്പെടുത്തുക :

(i) ഗുരുവായൂർ സത്യാഗ്രഹം

(ii) പാലിയം സത്യാഗ്രഹം

(iii) ചാന്നാർ കലാപം

(iv) കുട്ടംകുളം സമരം

(A) (iii), (i), (iv), (ii)

(B) (iii), (i), (ii), (iv)

(C) (i), (iii), (iv), (ii)

(D) (i), (iii), (ii), (iv)

3. ചേരുംപടി ചേർക്കുക :

1857 ലെ കലാപ സ്ഥലം		നേതാക്കൾ
(i) ബറേലി	(1)	ഷാമൽ
(ii) ബരൌട്ട് പർഗാന	(2)	ഖാൻ ബഹദൂർ
(iii) ഫൈസാബാദ്	(3)	ബീഗം ഹസ്രത്ത് മഹൽ
(iv) ബീഹാർ	(4)	മൌലവി അഹമ്മദുള്ള
	(5)	കൻവർ സിംഗ്

(A) (i)-(2), (ii)-(1), (iii)-(4), (iv)-(5)

(B) (i)-(5), (ii)-(3), (iii)-(2), (iv)-(4)

(C) (i)-(3), (ii)-(1), (iii)-(4), (iv)-(2)

(D) (i)-(1), (ii)-(4), (iii)-(2), (iv)-(3)

Visit KPSCHub.in
More QPs & Answer Keys

4. മഹാത്മാഗാന്ധി അദ്ധ്യക്ഷത വഹിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് സമ്മേളനം :

(A) സൂറത്ത് സമ്മേളനം 1907

(B) ലക്നൌ സമ്മേളനം 1916

(C) ബൽഗാം സമ്മേളനം 1924

(D) ഹരിപുര സമ്മേളനം 1938

5. 'പ്രാതിനിധ്യമില്ലാതെ നികുതിയില്ല'. ഈ മുദ്രാവാക്യം ഏതു സംഭവവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ഫ്രഞ്ച് വിപ്ലവം

(B) റഷ്യൻ വിപ്ലവം

(C) ചൈനീസ് വിപ്ലവം

(D) അമേരിക്കൻ സ്വാതന്ത്ര്യസമരം

6. ഇന്ത്യയിൽ ആദ്യമായി യുനെസ്കോയുടെ സാഹിത്യനഗരപദവി സ്വന്തമാക്കിയ നഗരം :

(A) കൊൽക്കത്ത

(B) കോഴിക്കോട്

(C) വാരണാസി

(D) ജയ്പൂർ

7. ഭൂസ്ഥിര ഉപഗ്രഹങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തുക :

(i) സഞ്ചാരപഥം ഭൂമിയിൽ നിന്ന് ഏകദേശം 36000 km ഉയരത്തിലാണ്

(ii) ഭൂഗർഭജലം, പ്രകൃതി വിഭവങ്ങൾ, ഭൂവിനിയോഗം എന്നീ വിവര ശേഖരണത്തിന് ഉപയോഗിക്കുന്നു

(iii) സഞ്ചാരപഥം ഭൂമിയിൽ നിന്ന് 900 km ഉയരത്തിലാണ്

(iv) വാർത്താവിനിമയത്തിനും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനും പ്രയോജനപ്പെടുത്തുന്നു

(A) (i) & (iv)

(B) (iii)

(C) (i) & (ii)

(D) (ii) & (iii)

8. ബ്രഹ്മപുത്രയുടെ പോഷകനദികളിൽ ശരിയായ ജോഡി ഏത്?

(A) മാനസ്, സുബൻസിരി

(B) ഗോമതി, ടിസ്ത

(C) സോൺ, ലോഹിത്

(D) ഘാഗ്ര, ലോഹിത്

9. ഭവാനി പുഴയിൽ എത്തിച്ചേരുന്ന കൊടുങ്ങരപ്പള്ളം പുഴ ഒഴുകുന്ന പ്രദേശം :

(A) തോൽപ്പെട്ടി

(B) മൂന്നാർ

(C) അട്ടപ്പാടി

(D) മുതുമല

Visit KPSCHub.in
More QPs & Answer Keys

10. താഴെപ്പറയുന്നവയിൽ ക്യുമുലസ് മേഘങ്ങളുടെ പ്രത്യേകത/പ്രത്യേകതകൾ കണ്ടെത്തുക :

(i) താഴ്ന്ന വിതാനത്തിൽ കാണപ്പെടുന്ന ഇരുണ്ട മേഘങ്ങൾ

(ii) ഉയർന്ന സംവഹന പ്രവാഹ ഫലമായി രൂപം കൊള്ളുന്നു

(iii) തെളിഞ്ഞ ദിനാന്തരീക്ഷത്തിൽ വളരെ ഉയരത്തിൽ പഞ്ഞിക്കെട്ടുകൾ പോലെ കാണപ്പെടുന്നു

(iv) സൂര്യപ്രകാശത്തെ കടത്തി വിടാതെ ഇരുണ്ട നിറത്തിൽ കാണപ്പെടുന്നു

(A) (i) & (ii)
(B) (ii) & (iv)
(C) (ii) only
(D) (iii) only

11. ഇന്ത്യയിലെ ഏറ്റവും ദൈർഘ്യമേറിയ പാലം :

(A) ബുവൻ ഹസാരിക സേതു
(B) അടൽ സേതു
(C) മഹാത്മാ ഗാന്ധി സേതു
(D) വിക്രമ ശില സേതു

12. ചുഴലിക്കാറ്റുകളും പേരു നൽകിയ രാജ്യങ്ങളും ശരിയായ ജോഡി കണ്ടെത്തുക :

	ചുഴലിക്കാറ്റുകൾ	പേര് നൽകിയ രാജ്യം
(A)	താനെ, നിഷ	മ്യാൻമർ
(B)	രശ്മി, മാല	ശ്രീലങ്ക
(C)	വാർദാ, ജവാദ്	സൌദി അറേബ്യ
(D)	ഫാനൂസ്, നിവർ	ഇറാൻ

13. 1991-ൽ ഇന്ത്യയിൽ നടപ്പിലാക്കിയ പുത്തൻ സാമ്പത്തിക നയത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

(i) ഉദാരവൽക്കരണവും സ്വകാര്യവൽക്കരണവും

(ii) ആഗോളവൽക്കരണം

(iii) ദേശസാൽക്കരണം

(A) Only (i)
(B) Only (ii)
(C) Only (i) & (ii)
(D) All the above ((i), (ii) & (iii))

14. NABARD സ്ഥാപിതമായ വർഷം :

(A) 1982
(B) 1981
(C) 1990
(D) 1991

Visit KPSCHub.in
More QPs & Answer Keys

15. ഹരിത വിപ്ലവത്തിന്റെ സവിശേഷതകളിൽ ഉൾപ്പെടാത്തത് ഏത്?

(A) അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ
(B) രാസവളങ്ങളുടെ ഉപയോഗം
(C) യന്ത്രവൽക്കരണം
(D) കർഷകരുടെ കുടിയേറ്റം

16. കൽക്കരി നിക്ഷേപം ഏറ്റവും കൂടുതൽ ഉള്ള ഇന്ത്യയിലെ സംസ്ഥാനം ഏത്?

(A) ഒറീസ്സ
(B) ബീഹാർ
(C) മദ്ധ്യപ്രദേശ്
(D) ജാർഖണ്ഡ്

17. 1991-ൽ പുത്തൻ സാമ്പത്തിക നയം നടപ്പിലാക്കിയപ്പോൾ ഇന്ത്യയുടെ ധനകാര്യ വകുപ്പ് മന്ത്രി ആരായിരുന്നു?

(A) പ്രണാബ് മുഖർജി
(B) പി. ചിദംബരം
(C) ഡോ. മൻ മോഹൻ സിംഗ്
(D) നിർമ്മല സീതാരാമൻ

18. ഇപ്പോഴത്തെ ഇന്ത്യയുടെ ധനകാര്യ വകുപ്പ് സഹമന്ത്രി ആരാണ്?

(A) സുരേഷ് ഗോപി
(B) പങ്കജ് ചൌധരി
(C) ജോർജ്ജ് കുര്യൻ
(D) ജയന്ത് ചൌധരി

19. നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് സൂചികയുടെ പേര് എന്താണ്?

(A) CPI
(B) WPI
(C) NIFTY
(D) SENSEX

20. താഴെ പറയുന്ന അവകാശങ്ങളിൽ കോടതി മുഖേന പൌരന് സ്ഥാപിച്ചു കിട്ടുന്ന അവകാശം ഏത്?

(A) തുല്യ ജോലിക്ക് തുല്യ വേതനം
(B) ജീവനോപാധികൾ ലഭിക്കാനുള്ള അവകാശം
(C) സാമ്പത്തിക ചൂഷണത്തിനെതിരായുള്ള അവകാശം
(D) സമാധാനപരമായി യോഗം ചേരാനുള്ള അവകാശം

21. നിയമനിർമ്മാണത്തിനുള്ള അധികാരം പാർലമെന്റിനാണ്. താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാം?

(i) നിയമനിർമ്മാണത്തിൽ രാജ്യസഭയ്ക്കും ലോകസഭയ്ക്കും തുല്യ അധികാരമാണ്
(ii) ധനകാര്യ ബില്ലുകൾ ആരംഭിക്കുന്നത് രാജ്യസഭയിലായിരിക്കും
(iii) നിയമനിർമ്മാണത്തിൽ രാഷ്ട്രപതിക്ക് പരിമിതമായ 'വീറ്റോ' അധികാരമുണ്ട്

(A) (i) & (iii) മാത്രം
(B) (ii) & (iii) മാത്രം
(C) (i) & (ii) മാത്രം
(D) മുകളിൽ പറഞ്ഞവയെല്ലാം ശരിയാണ്

Visit KPSCHub.in
More QPs & Answer Keys

22. താഴെ പറയുന്ന സംസ്ഥാനങ്ങളിൽ 'ദ്വിമണ്ഡല' സമ്പ്രദായം (Bicameralism) നിലനിൽക്കുന്ന സംസ്ഥാനം ഏത്?

(A) കർണ്ണാടക
(B) മണിപ്പൂർ
(C) തമിഴ്നാട്
(D) ഗുജറാത്ത്

23. ഇന്ത്യൻ ഭരണഘടനയിലെ 'നിയമവാഴ്ച' എന്ന ആശയം ഏത് വിദേശ ഭരണഘടനയുടെ സ്വാധീനത്താൽ ഉൾപ്പെടുത്തിയതാണ്?

(A) ഫ്രാൻസ്
(B) അമേരിക്ക
(C) ബ്രിട്ടൻ
(D) കാനഡ

24. ഇലക്ഷൻ കമ്മീഷൻ അംഗങ്ങളെ ഭരണഘടനാപരമായി അധികാരത്തിൽ നിന്ന് നീക്കം ചെയ്യാൻ കഴിയും. താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാം?

(i) അധികാരത്തിൽ നിന്ന് നീക്കം ചെയ്യാൻ രാഷ്ട്രപതി ഉത്തരവ് നൽകുന്നു
(ii) സുപ്രീം കോടതി വിചാരണയെ തുടർന്ന് അധികാരത്തിൽ നിന്ന് നീക്കം ചെയ്യുന്നു
(iii) പാർലമെന്റിന്റെ 2/3 ഭൂരിപക്ഷ പ്രമേയം ആവശ്യമാണ്.

(A) (i) & (iii) മാത്രം
(B) (ii) & (iii) മാത്രം
(C) (i) & (ii) മാത്രം
(D) മുകളിൽ പറഞ്ഞവയെല്ലാം ശരിയാണ്

25. ക്രിമിനൽ പ്രൊസീജ്യർ കോഡ് (CrPC) ക്ക് പകരമായി വന്ന ഇന്ത്യൻ ശിക്ഷാനിയമം ഏത്?

(A) ഭാരതീയ ന്യായ സംഹിത
(B) ഭാരതീയ നഗരിക് സുരക്ഷാ സംഹിത
(C) ഭാരതീയ സാക്ഷ്യ അധീനിയം
(D) ഭാരതീയ സുരക്ഷാ ന്യായ സംഹിത

26. നാറ്റോ (NATO) സൈനീകസംഖ്യത്തിന്റെ സെക്രട്ടറി ജനറൽ ആരാണ്?

(A) ജെൻസ് സ്റ്റോർട്ടർ ബർഗ്
(B) മാർക്ക് റൂട്ടേ
(C) ജെ.ബി. പ്രിറ്റ്സ്കർ
(D) ഷെറോഡ് ബ്രൌൺ

27. താഴെപ്പറയുന്ന രണ്ട് പ്രസ്താവനകൾ പരിഗണിക്കുക :

(i) കേരള ഭൂപരിഷ്കരണ നിയമം പാസ്സാക്കിയപ്പോൾ മുഖ്യമന്ത്രി ശ്രീ. പട്ടം താണുപിള്ള ആയിരുന്നു
(ii) 1963 ലെ കേരള ഭൂപരിഷ്കരണ നിയമത്തിൽ ഭൂഉടമസ്ഥയിൽ പരിധി നിശ്ചയിക്കൽ, മിച്ചഭൂമികൾ നൽകൽ, കുടിയാനാധാരം നിർത്തലാക്കൽ, കൃഷി ചെയ്യുന്ന കുടിയാന്മാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം നൽകൽ എന്നിവയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉണ്ടായിരുന്നു

(A) (i) ഉം (ii) ഉം ശരി
(B) (i) ഉം (ii) ഉം തെറ്റ്
(C) (i) ശരി (ii) തെറ്റ്
(D) (i) തെറ്റ് (ii) ശരി

Visit KPSCHub.in
More QPs & Answer Keys

28. കാലക്രമത്തിൽ എഴുതുക :

(i) MGNREGS
(ii) JRY
(iii) SGRY
(iv) IRDP

(A) (ii), (iv), (iii), (i)
(B) (i), (ii), (iii), (iv)
(C) (iv), (ii), (iii), (i)
(D) (iv), (iii), (ii), (i)

29. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തെ സംബന്ധിക്കുന്ന തെറ്റായ പ്രസ്താവന/പ്രസ്താവനകൾ കണ്ടെത്തുക :

(i) നെൽവയൽ എന്നതിൽ ചിറകളും ചാലുകളും കുളങ്ങളും കൈത്തോടുകളും ഉൾപ്പെടുന്നു
(ii) ജില്ലാതല അധികൃത സമിതി രൂപീകരിക്കുന്നത് ജില്ലാ കളക്ടർ ആണ്
(iii) പ്രാദേശിക നിരീക്ഷണ സമിതിയുടെ കാലാവധി രൂപീകരണ തീയതി മുതൽ 5 വർഷമായിരിക്കും
(iv) പ്രാദേശികതല നിരീക്ഷണ സമിതിയുടെ കൺവീനർ വില്ലേജ് ഓഫീസറാണ്

(A) (iii) & (iv)
(B) (i) & (ii)
(C) (i), (ii) & (iv)
(D) എല്ലാം തെറ്റ്

30. ഭരണഘടന അനുച്ഛേദവും അനുബന്ധ കമ്മീഷനും കണ്ടെത്തുക :

(i)	അനുച്ഛേദം 315	(1)	ദേശീയ പട്ടികജാതി കമ്മീഷൻ
(ii)	അനുച്ഛേദം 243 K	(2)	സംസ്ഥാന ധനകാര്യ കമ്മീഷൻ
(iii)	അനുച്ഛേദം 243 I	(3)	സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ
(iv)	അനുച്ഛേദം 338	(4)	സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ

	(i)	(ii)	(iii)	(iv)
(A)	(2)	(3)	(1)	(4)
(B)	(3)	(1)	(2)	(4)
(C)	(2)	(3)	(4)	(1)
(D)	(4)	(3)	(2)	(1)

31. വനിത ശിശുക്ഷേമ വകുപ്പ് സ്ത്രീകളുടെ സുരക്ഷയ്ക്കായും ക്ഷേമത്തിനായും നടപ്പിലാക്കിയ പദ്ധതികൾ തെരഞ്ഞെടുക്കുക :

(i) അഭയകിരണം
(ii) മംഗല്യ
(iii) ആശ്വാസനിധി
(iv) സഹായഹസ്തം

(A) (iii) & (iv)
(B) (i), (ii) & (iii)
(C) (i), (ii) & (iv)
(D) എല്ലാം ശരി

Visit KPSCHub.in
More QPs & Answer Keys

32. ഇന്ത്യയിൽ ആദ്യമായി ജലബഡ്ജറ്റ് തയ്യാറാക്കിയ സംസ്ഥാനം :

(A) കർണ്ണാടക
(B) കേരളം
(C) മദ്ധ്യപ്രദേശ്
(D) ഉത്തർപ്രദേശ്

33. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത മുതിർന്ന പൌരന്മാർക്കായുള്ള സ്വയം തൊഴിൽ പദ്ധതി ഏത്?

(A) നവജീവൻ
(B) വയോരക്ഷക
(C) മന്ദഹാസം
(D) സ്വയംപ്രഭ

34. ഏത് ഗ്രന്ഥിയാണ് മനുഷ്യശരീരത്തിലെ ഉറക്കരീതികളെ നിയന്ത്രിക്കുന്നത്, ഇത് ബോഡി ക്ലോക്ക് എന്ന് അറിയപ്പെടുന്നു :

(A) തൈറോയ്ഡ് ഗ്രന്ഥി
(B) പീനിയൽ ഗ്രന്ഥി
(C) പാൻക്രിയാസ് ഗ്രന്ഥി
(D) പീയൂഷ ഗ്രന്ഥി

35. താഴെ പറയുന്നവയിൽ ഏതാണ് നിയാസിൻ അടങ്ങിയിരിക്കുന്ന വിറ്റാമിൻ?

(A) വിറ്റാമിൻ A
(B) വിറ്റാമിൻ C
(C) വിറ്റാമിൻ B
(D) വിറ്റാമിൻ D

36. ചിക്കൻ പോക്സ് വൈറസിന്റെ ശാസ്ത്രീയനാമം എന്താണ്?

(A) എന്റെമീബ ഹിസ്റ്റോലിറ്റിക്ക
(B) വിബ്രിയോ കോളറ
(C) ബാസിലസ് ടൈഫോസസ്
(D) വരിസെല്ല സോസ്റ്റർ

37. ശരീരത്തിലെ കാർബോഹൈഡ്രേറ്റിന്റെ പ്രധാന പ്രവർത്തനം എന്താണ്?

(A) ഊർജ്ജം നൽകുക
(B) പേശികൾ നിർമ്മിക്കുക
(C) ശരീര താപനില നിയന്ത്രിക്കുക
(D) തലച്ചോറിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക

38. 3R തത്വത്തിന്റെ ശരിയായ ക്രമം ഏതാണ്?

(A) റീസൈക്കിൾ ചെയ്യുക, വീണ്ടും ഉപയോഗിക്കുക, കുറക്കുക
(B) വീണ്ടും ഉപയോഗിക്കുക, കുറക്കുക, റീസൈക്കിൾ ചെയ്യുക
(C) കുറക്കുക, വീണ്ടും ഉപയോഗിക്കുക, റീസൈക്കിൾ ചെയ്യുക
(D) മുകളിൽ കൊടുത്തിരിക്കുന്നവയിൽ ഒന്നും അല്ല

Visit KPSCHub.in
More QPs & Answer Keys

39. എല്ലുകളെ തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്ന ഇലാസ്റ്റിക് ടിഷ്യു _____ ആണ്.

(A) ഫൈബ്രസ് ടിഷ്യു
(B) ടെൻഡനുകൾ
(C) ഫൈബ്രിൻ
(D) ലിഗമെന്റുകൾ

40. താഴെ പറയുന്നവയിൽ അനിയന്ത്രിതമായ കോശ വളർച്ചമൂലം ഉണ്ടാകുന്ന രോഗം ഏതാണ്?

(A) ക്യാൻസർ
(B) മെനിഞ്ചൈറ്റിസ്
(C) ഹാർട്ട് അറ്റാക്ക്
(D) സ്ട്രോക്ക്

41. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ നിന്ന് പ്രയോജനം നേടാൻ യോഗ്യരായവർ താഴെ പറയുന്നവരിൽ ആരാണ്?

(A) ഏതെങ്കിലും ഗ്രാമീണ കുടുംബത്തിലെ മുതിർന്ന അംഗങ്ങൾ
(B) ദാരിദ്ര്യരേഖക്ക് താഴെയുള്ള വീട്ടിലെ മുതിർന്ന അംഗങ്ങൾ
(C) എല്ലാ പിന്നോക്ക സമുദായത്തിലെയും മുതിർന്ന അംഗങ്ങൾ
(D) ഇതൊന്നും അല്ല

42. ഭൂഗുരുത്വാകർഷണം മൂലമുള്ള ത്വരണത്തിന്റെ കൂടിയ വില അനുഭവപ്പെടുന്നതെവിടെ?

(A) ഭൂമദ്ധ്യരേഖയിൽ
(B) ധ്രുവങ്ങളിൽ
(C) ഭൂകേന്ദ്രത്തിൽ
(D) ഭൂമിയുടെ ഉപരിതലത്തിന് അല്പം മുകളിൽ

43. മാധ്യമത്തിന്റെ സഹായമില്ലാതെ താപം ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് പ്രവഹിക്കുന്ന രീതി ഏതാണ്?

(A) വികിരണം
(B) ചാലനം
(C) അപവർത്തനം
(D) സംവഹനം

44. മനുഷ്യന്റെ ശ്രവണപരിധി :

(A) 2 Hz – 20 Hz
(B) 20 Hz – 2000 Hz
(C) 20 Hz – 20000 Hz
(D) 2 Hz – 200 Hz

45. ഇന്ത്യയുടെ മൂന്നാമത് ചാന്ദ്രദൗത്യമായ ചന്ദ്രയാൻ-3 വിക്ഷേപിച്ചത് എന്ന്?

(A) 23 ജൂലൈ 2023
(B) 14 ജൂലൈ 2023
(C) 11 ജൂലൈ 2023
(D) 20 ജൂലൈ 2023

46. ബഹിരാകാശത്ത് കൂടുതൽ സമയം ചെലവഴിച്ച ആദ്യ ഇന്ത്യൻ വനിത ആര്?

(A) കല്പന ചൌള
(B) സുനിത വില്യംസ്
(C) വാലെന്റീന തെരഷ്ക്കോവ
(D) സാലി റൈഡ്

Visit KPSCHub.in
More QPs & Answer Keys

47. ഓസോൺ പാളിയിൽ വിള്ളൽ ഉണ്ടാക്കുന്ന വാതകം :

(A) ക്ലോറോഫോം
(B) കാർബൺ ടെട്രാക്ലോറൈഡ്
(C) ക്ലോറിൻ
(D) ക്ലോറോഫ്ലൂറോകാർബൺ

48. STP യിൽ സ്ഥിതിചെയ്യുന്ന ഏതൊരു വാതകത്തിന്റെയും ഒരു മോളിന് ഉണ്ടായിരിക്കേണ്ട വ്യാപ്തം :

(A) 21.2 L
(B) 25.2 L
(C) 22.4 L
(D) 16.4 L

49. വൈദ്യുതിയുടെ പിതാവ് എന്നറിയപ്പെടുന്നതാര്?

(A) ജൂലിയസ് പ്ലക്കർ
(B) മൈക്കൽ ഫാരഡെ
(C) ഹംഫ്രിഡേവി
(D) റൂഥർ ഫോർഡ്

50. പുതുതായി കണ്ടുപിടിച്ച അറ്റോമിക നമ്പർ 118 ഉള്ള മൂലകത്തിന്റെ പേര് :

(A) ഒഗനേസൻ
(B) മെൻഡലീവിയം
(C) കാലിഫോർണിയം
(D) ലോറൻഷ്യം

51. ആറ്റം എന്ന പദം നിർദ്ദേശിച്ച ശാസ്ത്രജ്ഞൻ ആര്?

(A) ജോൺ ഡാൾട്ടൺ
(B) റൂഥർ ഫോർഡ്
(C) ഡെമോക്രിറ്റസ്
(D) മെൻഡലീഫ്

52. കേരള സംഗീത നാടക അക്കാദമിയുടെ മുഖമാസിക ഏത്?

(A) കേളി
(B) കൈരളി
(C) വിജ്ഞാന കൈരളി
(D) പൊലി

53. കുമാരനാശാന്റെ പേരിലുള്ള സ്മാരകം സ്ഥിതിചെയ്യുന്നത് എവിടെ?

(A) അമ്പലപ്പുഴ
(B) തോന്നയ്ക്കൽ
(C) ചെറായി
(D) ഇരിങ്ങാലക്കുട

54. മലയാളത്തിലെ ആദ്യ ചെറുകഥയായ 'വാസനാവികൃതി' ഏത് മാസികയിലാണ് പ്രസിദ്ധീകരിച്ചത്?

(A) വിദ്യാവിലാസിനി
(B) വിദ്യാവിനോദിനി
(C) രസികരഞ്ജിനി
(D) ഭാഷാപോഷിണി

Visit KPSCHub.in
More QPs & Answer Keys

55. വയനാട് ദേശം പശ്ചാത്തലമായി വരുന്ന ഷീല ടോമിയുടെ നോവൽ ഏത്?

(A) നെല്ല്

(B) ആ നദിയോട് പേര് ചോദിക്കരുത്

(C) വല്ലി

(D) മാവേലിമൻറം

56. ഭാർഗ്ഗവീനിലയം എന്ന മലയാള സിനിമയ്ക്ക് ആധാരമായ ചെറുകഥയുടെ പേര് :

(A) എന്റെ ഗന്ധർവ്വ സ്നേഹിതൻ

(B) നീലവെളിച്ചം

(C) തേന്മാവ്

(D) യക്ഷി

57. താഴെ കൊടുത്ത പ്രസ്താവനകളിൽ ശരിയായത് ഏതൊക്കെ?

(i) ഒളിമ്പിക്സിൽ മെഡൽ നേടിയ ആദ്യ മലയാളിയാണ് മാനുവൽ ഫ്രഡറിക്സ്

(ii) ഒളിമ്പിക്സ് സെമി ഫൈനലിൽ എത്തിയ ആദ്യ മലയാളി വനിതയാണ് ഷൈനി വിൽസൺ

(iii) പി.ടി. ഉഷയാണ് ഒളിമ്പിക്സ് ഫൈനലിൽ എത്തിയ ആദ്യ ഇന്ത്യൻ വനിത

(A) (iii) മാത്രം ശരി

(B) (ii) ഉം (iii) ഉം മാത്രം ശരി

(C) (i) ഉം (ii) ഉം മാത്രം ശരി

(D) ഇവ മൂന്നും ശരി

58. താഴെ കൊടുത്ത പ്രസ്താവനകളിൽ ശരിയായത് ഏതൊക്കെ?

(i) ഇന്ത്യയുടെ ഏറ്റവും ഉയർന്ന കായിക ബഹുമതിയാണ് അർജ്ജുന അവാർഡ്

(ii) 2023 ൽ അർജ്ജുന അവാർഡ് ലഭിച്ച ലോങ്ജമ്പ് താരമാണ് മുരളി ശ്രീശങ്കർ

(iii) 2023 ൽ അർജ്ജുന അവാർഡ് ലഭിച്ച ക്രിക്കറ്റ് താരമാണ് മുഹമ്മദ് ഷമി

(A) (iii) മാത്രം ശരി

(B) (ii) ഉം (iii) ഉം മാത്രം ശരി

(C) (ii) ഉം (i) ഉം മാത്രം ശരി

(D) ഇവ മൂന്നും ശരി

59. കമ്പ്യൂട്ടറിന്റെ ഇൻപുട്ട് ഉപകരണങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(A) കീബോർഡ്

(B) ട്രാക്ബോൾ

(C) പ്ലോട്ടർ

(D) ബാർകോഡ് റീഡർ

Visit KPSCHub.in
More QPs & Answer Keys

60. GPS – ന്റെ പൂർണ്ണരൂപം :

(A) ഗൂഗിൾ പൊസിഷനിംഗ് സിസ്റ്റം

(B) ഗ്ലോബൽ പെർമനന്റ് സിസ്റ്റം

(C) ഗൂഗിൾ പെർമനന്റ് സിസ്റ്റം

(D) ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം

61. വെബ് ബ്രൌസറിന് ഉദാഹരണം അല്ലാത്തത് ഏത്?

(A) സഫാരി (B) ഒപേര

(C) ഫയർ ഫോക്സ് (D) കുക്കി

62. മൈക്രോസോഫ്റ്റിന്റെ പുതിയ എ ഐ സംവിധാനം :

(A) ചാറ്റ് ജി പി റ്റി

(B) കോപൈലറ്റ്

(C) മൈക്രോ എ ഐ

(D) ജമിനി

63. താഴെപ്പറയുന്നവയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പൊതുവായ ഭാഷ ഏതാണ്?

(A) പൈത്തൺ (B) ജാവ

(C) ലിസ്പ് (D) പി എച്ച് പി

64. ഒരു വ്യക്തിക്ക് വിവരാവകാശ നിയമം, 2005 പ്രകാരം തൊഴിലിടങ്ങളിൽ നിന്ന് അല്ലെങ്കിൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ വിവരം ലഭിക്കണമെന്നുണ്ടെങ്കിൽ ആരെയാണ് സമീപിക്കുന്നത്?

(A) സ്ഥാപന മേധാവി

(B) പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

(C) സ്ഥാപനത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെ

(D) ഇവരിൽ ആരുമല്ല

65. 2012 - ലെ പോക്സോ നിയമം ബാധകമാകുന്നത് :

(A) ഇന്ത്യ മുഴുവൻ

(B) ജമ്മു കാശ്മീർ ഒഴികെ ഇന്ത്യയിൽ എല്ലായിടത്തും

(C) ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ മാത്രം

(D) ഇവരിൽ ആരുമല്ല

Visit KPSCHub.in
More QPs & Answer Keys

66. കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്ന കാര്യം പോലീസ് ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് (CWC) എപ്പോഴാണ് റിപ്പോർട്ട് ചെയ്യേണ്ടത്?

(A) പ്രവൃത്തിയുടെ 24 മണിക്കൂർ

(B) റിപ്പോർട്ട് ലഭിച്ച 24 മണിക്കൂർ

(C) കുറ്റകൃത്യത്തിന്റെ 18 മണിക്കൂർ

(D) റിപ്പോർട്ട് ലഭിച്ച 48 മണിക്കൂർ

67. ഏത് അന്താരാഷ്ട്ര സംഘടനയാണ് കുട്ടികളുടെ സംരക്ഷണത്തിന് വേണ്ടി നിലനിൽക്കുന്നത്?

(A) UNESCO

(B) ICCPR

(C) UNICEF

(D) Security Council

68. ഗാർഹിക പീഡന നിയമം, 2005, ഗാർഹിക പീഡനം എന്നാൽ എന്താണ്?

(A) സാമ്പത്തിക ദുരുപയോഗം

(B) ശാരീരികമായി ബുദ്ധിമുട്ടിക്കുക

(C) ലൈംഗികമായി ബുദ്ധിമുട്ടിക്കുക

(D) (A), (B) & (C)

69. ഗാർഹിക പീഡന നിയമ പ്രകാരം താഴെ പറയുന്നവയിൽ ഏതാണ് ഉൾപ്പെടാത്തത്?

(A) തൊഴിലിടം

(B) സാമ്പത്തിക ആശ്വാസം

(C) പ്രൊട്ടക്ഷൻ ഓഫീസർ

(D) ശാരീരിക ആക്രമത്തിന് വിധേയമാക്കുക

70. ഏത് വർഷമാണ് പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം, നിലവിൽ വന്നത്?

(A) 1956 (B) 2005

(C) 1989 (D) 2000

Visit KPSCHub.in
More QPs & Answer Keys

71. $2^n - 2^{n-2} = 96$ ആയാൽ n ന്റെ വില എന്ത്?

(A) 8 (B) 9

(C) 6 (D) ഇവ ഒന്നും അല്ല

72. $\sqrt{1+3+5+7+.....+101}$ ന്റെ വില എത്ര ആയിരിക്കും?

(A) 10000 (B) 101

(C) 1000 (D) 10201

73. താഴെ തന്നിരിക്കുന്ന പ്രസ്താവനയിൽ ശരി ഏത്?

(i) 1 മുതൽ 100 വരെ ആകെ 26 അഭാജ്യസംഖ്യകൾ ഉണ്ട്

(ii) 1 മുതൽ 100 വരെ ആകെ 25 അഭാജ്യസംഖ്യകൾ ഉണ്ട്

(iii) അഭാജ്യസംഖ്യകളിൽ ഒരു ഇരട്ടസംഖ്യ പോലും ഇല്ല

(iv) അഭാജ്യസംഖ്യകളിൽ ഒരു ഇരട്ടസംഖ്യ ഉണ്ട്

(A) (i), (iv) ശരി

(B) (ii), (iii) ശരി

(C) (ii), (iv) ശരി

(D) (iv) മാത്രം ശരി

74. 3, 9, 15, ... എന്ന ശ്രേണിയിലെ ആദ്യത്തെ 30 പദങ്ങളുടെ തുക അതിനടുത്ത 30 പദങ്ങളുടെ തുകയിൽ നിന്ന് കുറച്ചാൽ എത്ര കിട്ടും?

(A) 540000 (B) 450000

(C) 560000 (D) 530000

75. തുടർച്ചയായ 5 ഒറ്റസംഖ്യകൾ ആണ് a, b, c, d, e താഴെ തന്നിരിക്കുന്നതിൽ ഏത് ആയിരിക്കും ഇവയുടെ ശരാശരി?

(A) $\frac{a+e}{2}$

(B) $\frac{a+b+c+d+e}{5}$

(C) c

(D) മൂന്നും ശരി ആണ്

Visit KPSCHub.in
More QPs & Answer Keys

76. 250 മീറ്റർ, 320 മീറ്റർ നീളമുള്ള എതിർദിശയിൽ സഞ്ചരിക്കുന്ന രണ്ട് തീവണ്ടികളുടെ വേഗത മണിക്കൂറിൽ 60 km, 50 km എന്നീ ക്രമത്തിൽ ആണ്. രണ്ടും പരസ്പരം കടന്നുപോകാൻ എത്ര സമയം വേണ്ടിവരും?

(A) 16.8 sec

(B) 17.8 sec

(C) 18.1 sec

(D) 18.6 sec

77. $4^{88}+4^{88}+4^{88}+4^{88}=4^{K}$ ആയാൽ K യുടെ വില എത്ര?

(A) 89 (B) 88

(C) 87 (D) 22

78. ഒറ്റയാൻ ആര്?

(A) 7, 4, 9

(B) 13, 36, 7

(C) 5, 25, 9

(D) 11, 16, 7

79. ഒരു ദിവസത്തിൽ ഒരു ക്ലോക്കിലെ സമയവും പ്രതിബിംബത്തിലെ സമയവും എത്ര തവണ തുല്യമാകും?

(A) 6 (B) 4

(C) 5 (D) 8

80. '×' എന്ന ചിഹ്നം '+' നെയും '+' ചിഹ്നം '÷' നെയും '–' ചിഹ്നം '×' നെയും '÷' ചിഹ്നം '–' നെയും സൂചിപ്പിച്ചാൽ താഴെ തന്ന പ്രസ്താവനയിൽ തെറ്റ് ഏത്?

(A) $6\times4-5+2\div1=15$

(B) $5\times4-5+2\div1=14$

(C) $6\times4-5+2\div2=14$

(D) $6\times4-5+2\div3=12$

Visit KPSCHub.in
More QPs & Answer Keys

81. Which of the following sentences use correct subject-verb agreement?

(A) The team plays well together
(B) The team play well together
(C) The team playing well together
(D) The team is play well together

82. Identify the correct transformation of the following sentence from direct to indirect speech :

Direct Speech : "I will attend the meeting tomorrow." She said.

(A) She said that she will attend the meeting the following day
(B) She said that she would attend the meeting the following day
(C) She mentioned that she will attend the meeting the next day
(D) She told that she would attend the meeting tomorrow

83. Identify the part of speech of the underlined word in the sentence below :

She danced <u>gracefully</u> in the spotlight during the performance

(A) Verb
(B) Adverb
(C) Adjective
(D) Noun

84. Choose the correct question tag for the following sentence :

"You have finished your home work, _____?"

(A) haven't you
(B) hadn't you
(C) have you
(D) do you

85. Identify the sentence that has been correctly transformed from active voice to passive voice :

I write a letter

(A) A letter is written by me
(B) Write a letter by me
(C) I a letter write
(D) I a letter written

86. Which of the following words is a synonym for 'vivid'?

(A) Dull
(B) Vivacious
(C) Dreary
(D) Lethargic

87. Choose the antonym of the word 'urbane' :

(A) Refined
(B) Sophisticated
(C) Rural
(D) Polished

88. Identify the word that means the opposite of excessive :

(A) Abundant
(B) Lavish
(C) Moderate
(D) Copious

89. Which word is most similar to resilient?

(A) Fragile
(B) Flexible
(C) Brittle
(D) Weak

90. Find the one word for the statement :

To choose not to use a vote either in favour of or against something.

(A) Absolute
(B) Abolish
(C) Absurd
(D) Abstain

Visit KPSCHub.in
More QPs & Answer Keys

91. 'കച്ചകെട്ടുക' എന്ന പ്രയോഗത്തിന്റെ ആശയം താഴെ പറയുന്നവയിൽ നിന്നും എടുത്തെഴുതുക :

(A) വഴക്കടിക്കുക (B) സന്നദ്ധനാവുക
(C) മരണപ്പെടുക (D) ഓർമ്മപ്പെടുത്തുക

92. 'അലയാഴി' എന്ന പദം പിരിച്ചെഴുതിയാൽ :

(A) അല + അഴി (B) അല + ആഴി
(C) അലയ് + അഴി (D) അലയ് + ആഴി

93. 'തലമുടി' എന്ന അർത്ഥം വരാത്ത പദം ഏതാണ്?

(A) കുന്തളം (B) കുഴൽ
(C) ചായൽ (D) തുഹിനം

94. താഴെ കൊടുത്തവയിൽ ശരിയായ പദങ്ങൾ ഏവ?

(i) ഉത്തരവാദിത്വം
(ii) അനന്തിരവൻ
(iii) കൃതജ്ഞത
(iv) ക്രിത്രിമം

(A) (i) ഉം (iv) ഉം ശരിയാണ് (B) (ii) ഉം (iii) ഉം ശരിയാണ്
(C) (i) ഉം (iii) ഉം ശരിയാണ് (D) (iii) ഉം (iv) ഉം ശരിയാണ്

95. ഒറ്റപ്പദമെഴുതുക - ഉചിതമായ സ്ഥിതി :

(A) ഔചിത്യം (B) ഓജസ്സ്
(C) ഔന്നത്യം (D) ഉണ്മ

96. 'ഋതം' എന്ന പദത്തിന്റെ വിപരീതപദം താഴെ കൊടുത്തവയിൽ ഏതാണ്?

(A) മുഹൂർത്തം (B) സത്യം
(C) അനൃതം (D) അമിതം

97. 'നാലഞ്ച്' എന്ന പദം ശരിയായി വിഗ്രഹിക്കുന്നതെങ്ങനെ?

(A) നാലും അഞ്ചും (B) നാലോ അഞ്ചോ
(C) നാലിൽ അഞ്ച് (D) നാലിനോട് അഞ്ച്

98. ചേർത്തെഴുതുക - കൽ + മദം :

(A) കൽമദം (B) കാൽമദം
(C) കല്ലുമദം (D) കന്മദം

99. 'Prevention is better than cure' എന്ന ആശയം വരുന്ന മലയാളം ചൊല്ല് ഏത്?

(A) കഴിഞ്ഞ കാര്യങ്ങൾ നുഴഞ്ഞു നോക്കരുത് (B) സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട
(C) മുറി വൈദ്യൻ ആളെക്കൊല്ലും (D) സ്വരം നന്നാകുമ്പോൾ പാട്ടു നിർത്തുക

100. താഴെ പറയുന്നവയിൽ സലിംഗ ബഹുവചനത്തിന് ഉദാഹരണം ഏതാണ്?

(A) മനുഷ്യർ (B) ദേവകൾ
(C) വൈദ്യർ (D) അദ്ധ്യാപികമാർ

Visit KPSCHub.in
More QPs & Answer Keys

SPACE FOR ROUGH WORK

Visit KPSCHub.in
More QPs & Answer Keys

SPACE FOR ROUGH WORK

Visit KPSCHub.in
More QPs & Answer Keys